ഉത്തരം

ഇല്ല.

ഗാന്ധിജി യൂണിവേഴ്സിറ്റി കെട്ടിടനിർമ്മാണത്തിനും സ്ഥല മെടുപ്പിനും നൽകിയ സഹായധനം

484 [527] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കെട്ടിടനിർമ്മാണത്തിനും സ്ഥലമെടുപ്പിനും മറ്റുമായി ഇതിനോടകം എത്ര രൂപ സഹായമായി നൽകി;

(ബി) ഇനി എത്ര രൂപയുടെ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇപ്പോൾ യൂണിവേഴ്സിറ്റി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രതിമാസവാടക എത്ര രൂപയാണ്:

(ഡി) ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിച്ചശേഷം ഇതുവരെ ഓഫീസ് കെട്ടിടവാടകയിനത്തിൽ 1986 മാർച്ച് 31 വരെ എത്ര രൂപ നൽകേണ്ടിവന്നിട്ടുണ്ട്?

ഉത്തരം

(എ, ബി) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഇതുവരെ 161.35 ലക്ഷം രൂപ പദ്ധതി ഗ്രാന്റായി ഗവൺമെന്റ് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും സ്ഥലമെടുപ്പിനും പ്രത്യേകമായി സഹായം നൽകിയിട്ടില്ല. ബഡ്ജറ്റിൽ വക കൊള്ളിച്ചതിൽ ഈ വർഷം 46.67 ലക്ഷം രൂപ നൽകാനുണ്ട്. കൂടാതെ സ്ഥലമെടുപ്പിനും കെട്ടിട നിർമ്മാണത്തിനും വേണ്ടി കൂടുതൽ തുക നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രതിമാസ വാടക 37,286.50 രൂപയാണ്.

(ഡി) ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിച്ചതിനുശേഷം വാടകയിനത്തിൽ 31–3–1986 വരെ 5,85,066 രൂപ ചെലവാക്കിയിട്ടുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്കുള്ള അംഗീകാരം

485 [528] ശ്രീ. എം.വി. രാഘവൻ:

,, വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരവും ധനസഹായവും ലഭിച്ചിട്ടുണ്ടോ;

(ബി) യു.ജി.സി. അംഗീകാരം നൽകാത്തതിന് കാരണം വിശദമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതു ലഭിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടോ:

(ഡി) സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി, ഡി) ഗാന്ധിജി യൂണിവേഴ്സിറ്റിയെ യു.ജി.സി. യുടെയും കേന്ദ്ര ഗവൺമെന്റിന്റേയും ധന സഹായത്തിന് അർഹമാണെന്നു പ്രഖ്യാപിച്ചുകിട്ടാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് യു.ജി.സി. യെ സമീപിച്ചിരുന്നു. ഇതിനു മറുപടിയായി യു.ജി.സി ആക്ടിലെ 12 എ വകുപ്പ് അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിക്കണമെന്ന് യു.ജി.സി. നിർദ്ദേശിച്ചു. യു.ജി.സി. ചെയർമാനുമായി സംസ്ഥാന ഗവൺമെന്റ് പലതവണ ചർച്ചകൾ നടത്തി. മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങളിൽ പ്ലാനിംഗ് ബോർഡ് രൂപീകരണം, ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ്, ഫൈനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പർമാരുടെ നിയമനം, വാർഷിക റിപ്പോർട്ടും കണക്കും ചാൻസലർക്ക് സമർപ്പിക്കൽ എന്നീ കാര്യങ്ങളെ സംബന്ധിച്ച് യു.ജി.സി. നിർദ്ദേശങ്ങൾ അംഗീകരിച്ച് വിവരം അവരെ അറിയിച്ചിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങളിൻമേൽ യു.ജി.സി. ചെയർമാനുമായി ചർച്ചകൾ നടത്തിവരികയാണ്.

പാഠപുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിന് ചെലവായ തുക

486 [529] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് വിതരണംചെയ്യാൻ പാഠപുസ്തകങ്ങൾ അച്ചടിപ്പിച്ച വകയിലേയ്ക്ക് മൊത്തം എത്ര സംഖ്യ ചെലവായി:

(ബി) സംസ്ഥാനത്തിനകത്ത് അച്ചടിപ്പിച്ചതിന് ആകെ എന്തു ചെലവായി; സംസ്ഥാനത്തിന് വെളിയിൽ അച്ചടിപ്പിച്ചതിന് ആകെ എന്ത് ചെലവായി;

(സി) ഇക്കാര്യത്തെപ്പറ്റി പ്രിന്റേഴ്സ് അസ്സോസിയേഷന്റെ പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വരും വർഷങ്ങളിൽ കേരളത്തിലെ പ്രസ്സുകാർക്കുതന്നെ അച്ചടിജോലി കൊടുത്ത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഈ വർഷം വിതരണം ചെയ്യാൻ പാഠപുസ്തകങ്ങൾ അച്ചടിച്ചവകയിൽ, ഇതുവരെ 32 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഇക്കൊല്ലം നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

(1) സംസ്ഥാനത്തിന് പുറത്ത്—13 ലക്ഷം രൂപ
(2) സംസ്ഥാനത്തിനകത്ത്—19 ലക്ഷം രൂപ.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly